"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

വ്യവസായ (കെ) വകുപ്പ്

നമ്പർ. K1/340/2024-IND

22-11-2024,തിരുവനന്തപുരം

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& അണ്ടർ സെക്രട്ടറി

ശ്രീ. ബിജു കെ. പി
കരിപത്ര (H)
കുന്നപ്പിള്ളി P O
പുഷ്പഗിരി, ചാലക്കുടി (via)
തൃശ്ശൂർ, കേരളം - 680 311

സർ,

വിഷയം:- വ്യവസായ വകുപ്പ്-വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ മറുപടി ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന:- 12-11-2024 തീയതിയിലെ താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1, 2, 3, 5, 8, 10, 13 --- പ്രസ്തുത വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 1, 2, 3, 5, 8, 10, 13 പിരിവുകൾ ഈ വകുപ്പിൽ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ചോദ്യങ്ങൾക്ക് താങ്കൾക്ക് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കു കൈമാറിയിട്ടുള്ള വിവരം അറിയിക്കുന്നു.

പ്രസ്തുത വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 9, 11, ,14 എന്നീ പിരിവുകളിലെ വിവരങ്ങൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ടതാണ്,ടി വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല.ആയതിനാൽ പ്രസ്തുത വിവരങ്ങൾ താങ്കൾക്കു നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ധനകാര്യവകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കു കൈമാറിയിട്ടുണ്ട്.

4 & 7 ഹൈ-ടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് 17-3-2023 തീയതിയിൽ സമർപ്പിച്ച നിവേദനത്തിന് റിപ്പോർട്ട് ലഭ്യമാക്കുവാനായി ബാംബൂ കോർപറേഷന് കൈമാറിയിട്ടുണ്ട്.

6. GO(MS)108/2013/ID ഉത്തരവിന്റെ സമ്പൂർണ്ണ ഫയലിൽ 383 പേജുകളുണ്ട്. (കത്തിടപാടുകളും സമർപ്പിച്ചിരിക്കുന്ന അനുബന്ധരേഖകളും അടങ്ങിയ 282 പേജുകൾ ഉൾപ്പെടെ). മേൽ സാഹചര്യത്തിൽ ടി രേഖകളുടെ പകർപ്പുകൾ ലഭ്യമാകുന്നതിനായി ഒരു പുറത്തിന് 3 രൂപ നിരക്കിൽ, 383 പേജുകൾക്ക് 1149 രൂപ 0070-60-118-99-Receipts under RTI 2005- ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് ട്രഷറി ചലാൻ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

12.ധനകാര്യപരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ഈ പൊതു വിവരവകാശ അധികാരിയുടെ പക്കൽ ലഭ്യമായതായി കാണുന്നില്ല

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം താങ്കൾക്ക് അപ്പിൽ സമർപ്പിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരി</u>

അപ്പലേറ്റ് അതോറിറ്റി & ജോയിന്റ് സെക്രട്ടറി
വ്യവസായ(കെ) വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ നം. 0471 251 7466

വിശ്വസ്തതയോടെ,


SABU ANTONY K
UNDER SECRETARY

പകർപ്പ്:

1.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ(1, 2, 3, 5, 8, 10, 13 പിരിവുകൾ വിവരങ്ങൾ അപേക്ഷകന് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

2.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,ധനകാര്യ വകുപ്പ്(9, 11, ,14 എന്നീ പിരിവുകളിലെ വിവരങ്ങൾ അപേക്ഷകന് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

From,
BIJU. K. P.
KARIPATHRA (H)
KUNNAPPILLY. P. O
PUSHPAGIRI, CHALAKUDY (VIA)
THRISSUR (DT.) KERALA - 680 311
MOB: 9961625465
Mail: kpbiju409@gmail.com




To,
THE STATE PUBLIC INFORMATION OFFICER
INDUSTRIES AND COMMERCE,
GOVT. SECRETARIAT
THIRUVANANTHAPURAM- 695 033

വിഷയം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരമുള്ള മറുപടി സാക്ഷ്യപെടുത്തി നൽകുന്നതിനെ സംബന്ധിച്ച്

1. Kerala State Bamboo Corporation തസ്ഥിക വ്യത്യാസം (Staff Pattern) ഏത് വർഷത്തിൽ ആണ് വ്യവസായ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ളത്. ടി Staff Pattern-ന്റെ അംഗീകരിച്ച സാക്ഷ്യപ്പെടുത്തിയ കോപ്പി അനുവദിക്കുക.
2. ബാംബൂ കോർപ്പറേഷന്റെ Statutory Audit ഏത് വർഷംവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി ഏതെല്ലാം വർഷങ്ങളിലെ Audit നടക്കാനുണ്ട്. ടി Audit പൂർത്തിയാക്കത്തതിനുള്ള കാരണം വ്യക്തമാക്കുക.. Audit വേഗത്തിൽ പൂർത്തിയാക്കുന്നതിന് സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാം.
3. മേൽപ്പറഞ്ഞ സ്ഥാപനത്തിലെ ഓഡിറ്റ് പൂർത്തിയാക്കത്തതിന്റെ പേരിൽ ബാംബൂ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാംബൂ ബോർഡ് തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് തടസ്സം നേരിടുന്നുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക.
4. ബാംബൂ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാംബൂ ബോർഡ് ഫാക്ടറിയിൽ ജോലി ചെയ്തുവരുന്ന Plant Worker തസ്തികയിലുള്ള തൊഴിലാളികൾക്ക് വളരെ താഴ്ന്ന അടിസ്ഥാന ശമ്പളം യഥാക്രമം 26 വർഷം സർവ്വീസ് പൂർത്തിയായവർക്ക് 5445/കയും 9 വർഷം സർവ്വീസുള്ളവർക്ക് Basic Pay - 3,800/കയും ആണ്. (സംസ്ഥാനത്ത് സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പോലും ഇത്രയും കുറഞ്ഞ അടിസ്ഥാന ശമ്പളം ലഭിക്കുന്നില്ല.)
   ടി തൊഴിലാളികളുടെ അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ.
5) ബാംബൂ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന Bamboo Board Factory തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ അവസാനം പുതുക്കി നിശ്ചയിച്ച് കരാർ നടപ്പിലാക്കിയത് എന്നാണ്. ടി കരാർ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ വ്യവസായ വകുപ്പും ബാംബൂ കോർപ്പറേഷനും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ കോപ്പിയും, കരാർ നടപ്പിലാക്കിയ സമ്പൂർണ്ണ ഫയലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുവദിക്കുക.
6. Kerala State Bamboo Corporation Staff Category Employees Pay Rivision GO (ms) No. 108/2013/1D Dated 12.09.2013 എന്ന ഉത്തരവിന്റെ സമ്പൂർണ്ണ ഫയൽ കോപ്പിയും ടി റിവിഷൻ നടപ്പിലാക്കുന്നതിന് ബാംബൂ കോർപ്പറേഷനും വ്യവസായവകുപ്പും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി അനുവദിക്കുക.
7. Bamboo Corporation-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാംബൂ ബോർഡ് ഫാക്ടറി തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതിന് വ്യവസായ വകുപ്പിലേക്ക്

യൂണിയനുകൾ Demand Notice നൽകിയിട്ടുണ്ടോ. എങ്കിൽ ഏത് തീയതിയിലാണ്. ടി Long Term Agreement കരാർ നടപ്പിലാക്കുന്നതിന് വ്യവസായിക വുകുപ്പും യൂണിയനുകളും മാനേജ്മെന്റും ചർച്ചകൾ നടത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ മിനിട്ട്സിന്റെ കോപ്പി ലഭ്യമാക്കുക. കരാർ നാളിതുവരെ നടപ്പിലാക്കാത്തതിനുള്ള നിയമപരമായ കാരണങ്ങൾ വ്യക്തമാക്കുക.

8. Bamboo Corporation ന് സർക്കാർ 2007 മുതൽ 2024 ഒാക്ടോബർ വരെ നൽകിയ വായ്പ, ഗ്രാന്റ് എന്നിവ എത്രരൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക അനുവദിച്ച് കൊണ്ടുള്ള ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും, ലഭ്യമാക്കുക.

9. 2016-2021 കാലഘട്ടത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ധനകാര്യ പരിശോധ വിഭാഗം നടത്തിയ വിവരം ബന്ധപ്പെട്ട ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ടോ. എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ സമ്പൂർണ്ണ പകർപ്പ് സാക്ഷ്യപ്പെടുത്തി അനുവദിക്കുക.

10. 2007 മുതൽ 2024 വരെ ബാംബൂ കോർപ്പറേഷന് സർക്കാർ അനുവദിച്ച വായ്പ്പ, ഗ്രാന്റ് എന്നീ ഫണ്ടുകൾ ബാംബൂ കോർപ്പറേഷൻ എന്തിനുവിനിയോഗിച്ചു എന്നുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റ് (Utilization Certificate) വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ടോ. എങ്കിൽ വ്യവയാവകുപ്പിന് നൽകിയ Utilization Certificate-ന്റെ കോപ്പി സാക്ഷ്യപ്പെടുത്തി അനുവദിക്കുക.

11. ധനകാര്യ പരിശോധന വിഭാഗം ബാംബൂ കോർപ്പറേഷനിൽ നടത്തിയ പരിശോധന റിപ്പോർട്ട് ബന്ധപ്പെട്ട ഭരണവകുപ്പിന് എന്നാണ് കൈമാറിയത്. ടി റിപ്പോർട്ടിൽ സാമ്പത്തിക തിരിമറി, ധനദുർവിനിയോഗം, ധനവിനിയോഗത്തിലെ ക്രമക്കേടുകൾ, ഓഫീസ് നടപടിക്രമത്തിലെ വീഴ്ച ദിവസവേതന, താല്കാലിക ജീവനകാരെ നിയമിച്ചതിലെ ക്രമക്കേട്, വാഹന ദുർവിനിയോഗം, നികുതി വെട്ടിപ്പ്, സാധനങ്ങൾ വാങ്ങിയതിലെ ക്രമക്കേട്, നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കാൻ, ടെന്റർ ക്രമക്കേട് തുടങ്ങിയ ക്രമക്കേടുകൾ ധനകാര്യ പരിശോധന വിഭാഗം കൈമാറിയ റിപ്പോർട്ടിലുണ്ടോ.

12. ധനകാര്യ പരിശോധന വിഭാഗം ബാംബൂ കോർപ്പറേഷനിൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെ അച്ചടക്ക നടപടി വിവിധ ക്രമക്കേടുകളിൽ സർക്കാരിന് ഉണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദികളിൽ നിന്നും വസൂലാക്കാൻ നാളിതുവരെ ഭരണ വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദീകരിക്കാമോ.

13. ടി റിപ്പോർട്ടിൽ ബാംബൂ കോർപ്പറേഷനിൽ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വ്യവസായിക വകുപ്പും ബാംബൂ കോർപ്പറേഷനും നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുക, ടി ക്രമക്കേടുകളെ സംബന്ധിച്ച് വ്യവസായിക വകുപ്പും ബാംബൂ കോർപ്പറേഷനും തമ്മിൽ കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ കത്തിടപാടുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി അനുവദിക്കുക.

14. ധനകാര്യ പരിശോധന വിഭാഗം 2016-2021. കാലഘട്ടത്തിൽ നടത്തിയ പരിശോധ റിപ്പോർട്ടിൽ സർക്കാരിന് ഉണ്ടായ നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കാമോ. സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന വർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ. സ്ഥാനമാന പരിഗണനകൾ കൂടാതെ ബാംബൂ കോർപ്പറേഷനിലെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമോ. പ്രസ്തുത റിപ്പോർട്ടിന്റെ സമ്പൂർണ്ണ പകർപ്പ് സാക്ഷ്യപ്പെടുത്തി അനുവദിക്കുക.

മുകളിൽ ചേദിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം രേഖാമൂലം സാക്ഷ്യപ്പെടുത്തിയ കോപ്പി അനുവദിക്കുക

സ്ഥലം : പുഷ്പഗിരി

പേര് : ബിജു കെ. വി.

തീയതി : 12 ~~05~~ / 11 / 2024